**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 60** **27-01-2026-ൽ മറുപടിയ്ക്ക്**

**<u>തീവ്ര വോട്ടർ പട്ടിക പരിഷ്കരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. ഉബൈദുള്ള

ശ്രീ. പി. ഉബൈദുള്ള

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. എ. കെ. എം. അഷ്റഫ്

ശ്രീ. നജീബ് കാന്തപുരം

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്തെ തീവ്ര വോട്ടർ പട്ടിക പരിഷ്കരണ നടപടികളുടെ ഭാഗമായി അർഹരായ പല വോട്ടർമാരുടെയും പേരുകൾ പട്ടികയിൽ നിന്ന് നീക്കം ചെയ്യപ്പെടുന്നു എന്ന വ്യാപകമായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

**<u>മറുപടി:</u>** കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടിക പരിഷ്കരണ നടപടികളിലെ ആക്ഷേപങ്ങൾ പരിഹരിക്കുന്നതിന് 22.01.2026 വരെയാണ് സമയം അനുവദിച്ചിരുന്നത്. എന്നാൽ, സംസ്ഥാന മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസറുടെ അപേക്ഷയുടെയും, ബഹു. സുപ്രീം കോടതിയിൽ സംസ്ഥാന സർക്കാർ ഫയൽ ചെയ്ത ഹർജിയിലെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ സമയ പരിധി 30.01.2026 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു.

നോട്ടീസ് നൽകൽ, പരിശോധന, ആക്ഷേപങ്ങളുടെ പൂർത്തിയാക്കൽ എന്നിവയ്ക്കായി 14.02.2026 വരെയും സമയം അനുവദിച്ചിട്ടുണ്ട്. അതോടൊപ്പം എന്യൂമറേഷൻ ഫോം പൂരിപ്പിച്ച് നൽകുന്നതിലും ഓൺലൈനായി അപേക്ഷകൾ നൽകുന്നതിലും ഉണ്ടായിരുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അർഹതപ്പെട്ട ഒരാൾക്കും വോട്ടവകാശം നിഷേധിക്കപ്പെടാതിരിക്കുന്നതിന് ശക്തമായ ഇടപെടലാണ് ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ നടത്തിയത്.

**(ബി)** പുതിയതായി വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനും നിലവിലുള്ള തെറ്റുകൾ തിരുത്തുന്നതിനും നേരിടുന്ന സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കാൻ ഇലക്ഷൻ കമ്മീഷനുമായി ചേർന്ന് എന്തെല്ലാം ക്രമീകരണങ്ങളാണ് സർക്കാർ ചെയ്തിട്ടുള്ളത്;

**<u>മറുപടി:</u>** സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുന്നതിനായി ജില്ലാ കളക്ടർമാർക്ക് നിർദ്ദേശങ്ങൾ നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വില്ലേജ് ഓഫീസുകൾ കേന്ദ്രീകരിച്ച് ഹെൽപ് ഡെസ്കുകൾ തുറക്കുക, ആവശ്യത്തിന് ഉദ്യോഗസ്ഥർ ലഭ്യമല്ലായെങ്കിൽ താൽക്കാലിക ജോലി ക്രമീകരണ വ്യവസ്ഥയിൽ ഉദ്യോഗസ്ഥരെ നിയോഗിക്കുക, ഉന്നതികൾ, മലയോര പ്രദേശങ്ങൾ, തീരദേശ മേഖലകൾ, മറ്റ് പിന്നോക്ക പ്രദേശങ്ങൾ എന്നിവിടങ്ങളിൽ നേരിട്ടെത്തി അർഹരായവരെ

കണ്ടെത്തി ആവശ്യമായ സഹായങ്ങൾ നൽകുന്നതിനായി വില്ലേജ് ഓഫീസറുടെ ആവശ്യപ്രകാരം അംഗൻവാടി വർക്കർമാർ, ആശാ വർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തുക, അധിക ജീവനക്കാരെ ആവശ്യമുള്ള പക്ഷം ഇതര വകുപ്പുകളിൽ നിന്നും ജീവനക്കാരെ നിയോഗിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക, വിവിധ സ്ഥാപനങ്ങളിൽ പഠിക്കുന്ന 18 വയസ്സ് പൂർത്തിയായവർ വോട്ടർ പട്ടികയിൽ ഉൾപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള ബോധവൽക്കരണത്തിനായി അതത് സ്ഥാപനങ്ങളിൽ ക്യാമ്പയിൻ പരിപാടികൾ സംഘടിപ്പിക്കുക എന്നീ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ തീരുമാനം കൈക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

**(സി)** വോട്ടർ പട്ടികയിൽ നിന്ന് പേര് ഒഴിവാക്കപ്പെട്ടവർക്ക് അത് പുനഃസ്ഥാപിക്കുന്നതിനായി നൽകിയിട്ടുള്ള സമയപരിധിയും മാർഗ്ഗങ്ങളും പൊതുജനങ്ങളെ അറിയിക്കാൻ എന്തെല്ലാം ബോധവൽക്കരണ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദാംശം നൽകാമോ?

**മറുപടി:** വോട്ടർ പട്ടികയിൽ നിന്ന് പേര് ഒഴിവാക്കപ്പെട്ടിട്ടുള്ളവർക്ക് അത് പുനഃസ്ഥാപിക്കുന്നതിനായി നൽകിയിട്ടുള്ള സമയപരിധിയും മാർഗ്ഗങ്ങളും പൊതുജനങ്ങളെ അറിയിക്കുന്നതിനായി മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസറുടെ ഔദ്യോഗിക വെബ്സൈറ്റ് വഴിയും, ഇലക്ഷൻ വകുപ്പിന്റെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളായ ഫെയ്സ് ബുക്ക്, ഇൻസ്റ്റഗ്രാം, എക്സ് (ട്വിറ്റർ), യുട്യൂബ് എന്നിവ വഴിയും, പത്രങ്ങൾ, ടെലിവിഷൻ ചാനലുകൾ എന്നിവ ഉൾപ്പെടെയുള്ള അച്ചടി /ദൃശ്യ മാധ്യമങ്ങളിലൂടെയും വ്യാപകമായ പ്രചാരണം നടത്തുന്നുണ്ട്. ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷൻ ഇതുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന ഉത്തരവുകളും മാർഗ്ഗ നിർദ്ദേശങ്ങളും അപ്പപ്പോൾ തന്നെ ഔദ്യോഗിക വെബ്സൈറ്റ് വഴിയും സോഷ്യൽ മീഡിയ വഴിയും വോട്ടർമാരെ അറിയിക്കുന്നുണ്ട്. വിവിധ തരത്തിലുള്ള ബോധവൽക്കരണ വീഡിയോകൾ സൃഷ്ടിച്ച് നവമാധ്യമങ്ങളിലൂടെ വ്യാപകമായ പ്രചാരണം ഇലക്ഷൻ വകുപ്പ് നടത്തി വരുന്നു. സ്കൂളുകളിലും കോളേജുകളിലും പ്രവർത്തിക്കുന്ന ഇലക്ടറൽ ലിറ്ററസി ക്ലബ് വഴിയും വിപുലമായ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്യുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**